ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ., തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ് സൈറ്റ്: principaldirectorate.lsgkerala.gov.in

No. LSGD/PD/18764/2023-CSSA2 തീയതി: 09-07-2024

## ക്വൊട്ടേഷൻ നോട്ടീസ്

വിഷയം: ത.സ്വ.ഭ.വ.- പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) - സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് - കരാർ അടിസ്ഥാനത്തിൽ വാഹനം വാടകക്ക് ലഭ്യമാക്കുന്നതിനുള്ള ക്വൊട്ടേഷൻ ക്ഷണിക്കുന്നത് സംബന്ധിച്ച്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേക്ക് കരാർ അടിസ്ഥാനത്തിൽ 5 സീറ്റർ വാഹനം (പ്രീമിയം കാറ്റഗറിയിൽപ്പെടാത്ത സെഡാൻ) ഡ്രൈവർ ഉൾപ്പെടെ വാടകക്ക് നൽകുവാൻ താത്പര്യമുള്ള ടാക്സി ഓപ്പറേറ്റർമാരിൽ നിന്ന് വ്യവസ്ഥകൾക്ക് വിധേയമായി മത്സരാധിഷ്ഠിത ക്വൊട്ടേഷൻ ക്ഷണിക്കുന്നു. വാഹനത്തിന്റെ ഇന്ധന ചെലവും ഡ്രൈവറുടെ വേതനവും അറ്റകുറ്റപണികൾക്കാവശ്യമായ തുകയും ഉൾപ്പെടെയുള്ള തുകയാണ് ക്വോട്ട് ചെയ്യേണ്ടത്. ക്വൊട്ടേഷനുകൾ ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമയിൽ ഏറ്റവും കുറഞ്ഞ നിരക്കിലാണ് ക്വോട്ട് ചെയ്യേണ്ടത്. കരാർ വ്യവസ്ഥകളും നിബന്ധനകളും ചുവടെ ചേർക്കുന്നു.

**വ്യവസ്ഥകൾ**

1) ക്വൊട്ടേഷൻ റേറ്റ് മാസവാടക നിരക്കിലാണ് കാണിക്കേണ്ടത്.

2) വാഹനം 2019-നോ അതിന് ശേഷമോ ഉള്ള മോഡലും, നല്ല രീതിയിൽ പ്രവർത്തിക്കുന്നതും, നിയമാനുസൃതമായി ആവശ്യമായ എല്ലാ രേഖകളുമുള്ളതും, ഇൻഷ്വറൻസ് കവറേജ് ഉള്ളതും, എയർ കണ്ടീഷനിംഗ് ഉള്ളതും ആയിരിക്കണം.

3) മുൻപരിചയവും മതിയായ യോഗ്യതയും ലൈസൻസും ഉള്ളതുമായ ഡ്രൈവർ ഉണ്ടായിരിക്കണം.

4) പ്രതിമാസ ഉപയോഗം 2000 കിലോമീറ്റർ ആയിരിക്കുന്നതാണ്.

5) ഏതെങ്കിലും ഒരു മാസം വാഹനം അധികം/ കുറച്ച് ദൂരം ഉപയോഗിക്കുകയാണെങ്കിൽ അധികം/ കുറച്ച് സഞ്ചരിച്ച ദൂരം (കി.മീ.) തൊട്ടടുത്ത മാസത്തിൽ കണക്കാക്കി മൂന്ന് മാസത്തെ ക്വാർട്ടറിൽ ക്രമീകരിക്കുന്നതാണ്.

6) മൂന്ന് മാസത്തെ ക്വാർട്ടറിൽ അധികരിക്കുന്ന യാത്രയ്ക്ക് കിലോ മീറ്ററിന് നിയമാനുസൃതമായ നിരക്കിൽ വാഹന വാടക അനുവദിക്കുന്നതാണ്.

7) കരാർ കാലാവധി 12 മാസത്തേക്കായിരിക്കും. സേവനത്തിനനുസരിച്ച് കരാർ ദീർഘിപ്പിച്ചു നൽകുന്നതാണ്. കരാർ കാലാവധിക്കിടയിൽ, ക്വോട്ട് ചെയ്ത കരാർ തുകയിൽ, യാതൊരു കാരണവശാലും മാറ്റം വരുത്തുന്നതല്ല.

8) ഔദ്യോഗിക യാത്രകളിലെ ടോൾ/പാർക്കിംഗ് ഫീസ് തുടങ്ങിയവ അധികമായി നൽകുന്നതാണ്.

9) വാഹനവും ഡ്രൈവറും മാസത്തിൽ എല്ലാ ദിവസവും, ഏത് സമയത്തും ആവശ്യപ്പെടുന്ന പക്ഷം ലഭ്യമാക്കേണ്ടതാണ്.

10) ലോഗ് ബുക്ക് ദിനം പ്രതി എഴുതി സൂക്ഷിക്കേണ്ടതും, ഓരോ എൻട്രിയും നിർദ്ദിഷ്ട ഓഫീസറുടെ ഒപ്പ് വാങ്ങി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

11) ലോഗ് ബുക്കോടു കൂടി മാസവാടക ബില്ല് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും കരാർ തുക നൽകുന്നത്.

12) ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്ന, ഡ്യൂട്ടിയിൽ പ്രവേശിക്കുമ്പോഴുള്ള കിലോമീറ്റർ/സമയത്തിന്റെയും, ഡ്യൂട്ടിയിൽ നിന്നും വിടുതൽ ചെയ്യുമ്പോഴുള്ള കിലോമീറ്റർ/ സമയത്തിന്റെയും അടിസ്ഥാനത്തിലാണ് ആകെ സഞ്ചരിച്ച ദൂരം/ഉപയോഗിച്ച സമയം കണക്കാക്കുക.

13) വാഹനത്തിന്റെ ആർ.സി. ബുക്ക്, ടാക്സി പെർമിറ്റ്, ഇൻഷ്വറൻസ്, ടാക്സ് അടച്ച രേഖകൾ, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ, ഡ്രൈവറുടെ ലൈസൻസിന്റെ പകർപ്പ് എന്നിവ ക്വൊട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.

14) ക്വൊട്ടേഷൻ സ്ഥിരപ്പെടുത്തുന്ന മുറക്ക് പി.എം.എ.വൈ. (ജി) എസ്.പി.എം.യു.- വുമായി കരാർ വയ്ക്കേണ്ടതാണ്.

15) ക്വൊട്ടേഷൻ സമർപ്പിക്കുന്നയാൾ 10,000/- രൂപ (പതിനായിരം രൂപ മാത്രം) ഇ.എം.ഡി./ഡിമാൻ്റ് ഡ്രാഫ്റ്റ് ആയി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പേരിൽ നിരതദ്രവ്യമായി ക്വൊട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ മുദ്രവെച്ച കവറിൽ പ്രത്യേക പ്രൊഫോർമയിൽ തയ്യാറാക്കേണ്ടതും, മേൽവിലാസവും ഫോൺ നമ്പരും സഹിതം ഒപ്പിട്ടു സമർപ്പിക്കേണ്ടതുമാണ്. ക്വട്ടേഷനുകൾ **2024 ജൂലൈ 24** വരെ സ്വീകരിക്കുന്നതും അന്നേ ദിവസം പകൽ 4 മണിക്ക് സന്നിഹിതരായ ലേലക്കാരുടെ മുമ്പിൽ വെച്ച് തുറക്കുന്നതുമാണ്. അന്നേ ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ക്വൊട്ടേഷൻ തുറക്കുന്നതാണ്. നിശ്ചിത സമയപരിധിക്കു ശേഷം ലഭിക്കുന്ന ഒരു ക്വൊട്ടേഷനും പരിഗണിക്കുന്നതല്ല.

16) വാഹനത്തിന് പോലീസ്/എക്സൈസ്/കസ്റ്റംസ് വകുപ്പുകളുമായി ബന്ധപ്പെട്ട് കേസുകൾ ഒന്നും നിലവിലില്ല എന്ന് 200/- രൂപ മുദ്രപത്രത്തിൽ സ്വയം സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. ക്വൊട്ടേഷൻ സംബന്ധിച്ചുള്ള വിവരങ്ങൾ പ്രവൃത്തി സമയത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

വിശ്വസ്തതയോടെ,

Balagopal P C
ADDITIONAL DIRECTOR
പ്രിൻസിപ്പൽ ഡയറക്ടർക്കുവേണ്ടി

Signed by
Balagopal P C
Date: 09-07-2024 17:35:04

ഉള്ളടക്കം: പ്രൊഫോർമ
പകർപ്പ്:-

1. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനായി.
2. സിസ്റ്റം സൂപ്പർവൈസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)